കെട്ടിടവിഭാഗത്തിൽ ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഗവ. പോളിടെക്നിക് കളമശ്ശേരി.
   ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം.

2. മിനി സിവിൽ സ്റ്റേഷൻ, ആലുവ.
   രണ്ടാംഘട്ടം

3. സബ് രജിസ്ട്രാർ ഓഫീസ്, ആലുവ.

4. അസറ്റ് മെയിന്റനൻസ്, കളമശ്ശേരി പോളിടെക്നിക്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

193 (5899) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് ;

(ബി) അവ ഏതെല്ലാമാണെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് എന്നും വ്യക്തമാക്കുമോ ;

(സി) ഇവയ്ക്ക് എന്ന് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) എസ്റ്റിമേറ്റ് ഇനിയും തയ്യാറാക്കി സമർപ്പിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ഇ) ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ ചെയ്യാത്ത പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(എഫ്) നടമ്മൽക്കടവ് പാലത്തിന്റെ ഭരണാനുമതി നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഉത്തരം

(എ) 18 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധം - എ ആയി ചേർത്തിരിക്കുന്നു. *

(സി) എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും സർക്കാരിലേക്ക് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) അനുബന്ധം - ബി ആയി ചേർത്തിരിക്കുന്നു. *

(ഇ) അനുബന്ധം - സി ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 50 ലക്ഷം രൂപയ്ക്ക് അക്യൂസിഷനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് 6 കോടി രൂപയുടെ എസ്റ്റിമേറ്റ് (2009-ലെ ഷെഡ്യൂൾ പ്രകാരം) ലഭിച്ചിട്ടുണ്ട്. അത് പരിശോധനയിലാണ്.

അരൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

194 (5900) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ 2001-06 കാലയളവിൽ പി.ഡബ്ല്യു.ഡി. എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2006-10 കാലയളവിൽ പി.ഡബ്ല്യു.ഡി. അരൂർ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടത്തിയതെന്ന് വിശദമാക്കുമോ ; വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്നും പൂർത്തീകരിച്ച പ്രവൃത്തികളും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികളും പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ദേശീയ പാതാ വിഭാഗം

ഇനം	അനുവദിച്ച തുക	ചെലവാക്കിയ തുക
IRQP	625.39 ലക്ഷം	598.515 ലക്ഷം
OR	17.644 ലക്ഷം	17.644 ലക്ഷം

കെട്ടിടവിഭാഗത്തിൽ അറ്റകുറ്റപ്പണികൾക്കായി 69,24,551 രൂപയുടെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവയുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) അരൂർ മണ്ഡലത്തിൽ 2006-നുശേഷം ദേശീയപാതാ വിഭാഗം ഒറിജിനൽ വർക്കുകൾ ഒന്നും ചെയ്തിട്ടില്ല. 2008-09-ൽ 18 ലക്ഷത്തിന്റെയും 2009-10-ൽ 27 ലക്ഷത്തിന്റെയും അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ 2006-2010-ൽ 52,98,887 രൂപയുടെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദവിവരം താഴെപ്പറയുന്നു :

2006-2007	15,54,052 രൂപ
2007-2008	11,84,121 രൂപ
2008-2009	6,61,953 രൂപ
2009-2010	9,28,744 രൂപ
2009-2010	9,70,017 രൂപ

LIBRARY ARCHIVES Kerala Legislative Assembly